**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3051** 19.06.2018- ൽ മറുപടിയ്ക്ക്

**ജൈവ കീടനാശിനികളുടെ വ്യാവസായിക അടിസ്ഥാനത്തിലുള്ള ഉല്പാദനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം<br>ശ്രീ.സജി ചെറിയാൻ<br>ശ്രീ.എം.സ്വരാജ്<br>ശ്രീ.സി.കെ. ശശീന്ദ്രൻ | ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) വിവിധ വിളകളുടെ ആരോഗ്യ പരിപാലനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; | (എ) വിളകളുടെ ആരോഗ്യപരിപാലനം മണ്ണ് പരിപോഷണത്തിലൂടെയും കീടരോഗ നിയന്ത്രണം മുൻകൂട്ടി കണ്ടെത്തി സാദ്ധ്യമാക്കുന്ന തിലൂടെയും ഉറപ്പു വരുത്തുന്നതിനായി വിള ആരോഗ്യപരിപാലന പദ്ധതി നടപ്പിലാക്കി വരുന്നു. കീടരോഗനിയന്ത്രണത്തിന് ഇന്റർനെറ്റ് അടിസ്ഥാനമായുള്ള CPSS (Crop Pest Surveillence System) എന്ന സേവനം കർഷകർക്ക് നൽകുന്നു. കൃത്യമായ ഇടവേളകളിൽ കൃഷിയിടം സന്ദർശിക്കുന്ന പെസ്റ്റ് സ്കൗട്ടുകൾ ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കീടരോഗബാധ മുൻകൂട്ടി അറിയുന്നതിനും ആവശ്യമായ നിയന്ത്രണമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകാനും പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേന കഴിയുന്നു. |
| (ബി) മെച്ചപ്പെട്ട കീടനിയന്ത്രണ ത്തിനായി ജൈവ കീടനാശി നികൾ വ്യാവസായിക അടിസ്ഥാനത്തിൽ ഉല്പാദി പ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ മുഖേന ജൈവകീടനാശിനികൾ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് നൽകുന്നുണ്ട്. കൃഷി വകുപ്പിന്റെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ബയോ കൺട്രോൾ ലാബ് മുഖേന കീടരോഗനിയന്ത്രണത്തിനാ വശ്യമായ ജൈവ ഉപാധികളായ ട്രൈക്കോ ഡെർമ, സ്യൂഡോമോണസ്, വെർട്ടിസിലിയം, ബ്യൂവേറിയ, EPN, പോച്ചോണിയ, ബാസിലസ് തുറിൻജിയെൻസിസ് തുടങ്ങിയവയും പരാദ |

| | |
|---|---|
| | പ്രാണികളായ ട്രൈക്കോകാർഡുകളും ഉൽപ്പാദിപ്പിച്ച് നൽകുന്നുണ്ട്.<br><br>CTCRI വികസിപ്പിച്ചെടുത്ത ജൈവകീടനാശിനികളായ നന്മ, മേന്മ എന്നിവ സംസ്ഥാനത്തെ കൃഷി വിജ്ഞാൻ കേന്ദ്രങ്ങളുടെ സഹകരണത്തോടെ വ്യാപകമായ രീതിയിൽ ഉൽപ്പാദിപ്പിച്ച് നൽകാനുള്ള ഒരു പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. |
| (സി) കീട നിയന്ത്രണത്തിനായി കീടനിരീക്ഷണ യൂണിറ്റുകൾ, കീടരോഗ നിയന്ത്രണത്തിനുള്ള പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി സസ്യ ആരോഗ്യ ക്ലിനിക്കുകൾ എന്നിവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) നിലവിൽ സംസ്ഥാനത്ത് ആകെ 202 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. ഈ 202 പഞ്ചായത്തുകളിൽ ഓരോ പഞ്ചായത്തിലും 10 എണ്ണം വീതം ആകെ 2020 കീടനിരീക്ഷണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.<br><br>ഈ വർഷം പുതിയതായി 50 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളും അതുവഴി 500 കീടനിരീക്ഷണ യൂണിറ്റുകളും തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) ഗുണമേന്മയുള്ള വിത്തിനങ്ങളുടെ ഉല്പാദനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | നെൽകൃഷി ഉൾപ്പെടെ വിവിധ വിളകളുടെ കൃഷിക്കാവശ്യമായ ആരോഗ്യമുള്ളതും ഗുണമേന്മയുള്ളതുമായ വിത്തും നടീൽ വസ്തുക്കളും കർഷകർക്ക് നൽകുന്നതിന് കൃഷി വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൃഷി വകുപ്പിനു കീഴിലുള്ള വിവിധ ഫാമുകൾ മുഖേനയും കർഷകരുടെ കൃഷിയിടങ്ങളിൽ നിന്നും രജിസ്റ്റേഡ് വിത്തുൽപ്പാദനപദ്ധതി മുഖേനയും ഗുണമേന്മയുള്ള വിത്തുകളും നടീൽ വസ്തുക്കളും ഉൽപ്പാദിപ്പിച്ച് നൽകുന്നുണ്ട്. കൂടാതെ കാർഷിക സർവ്വകലാശാല, നാഷണൽ സീഡ്സ് കോർപ്പറേഷൻ, VFPCK, KSSDA എന്നിവ മുഖേനയും കർഷകർക്ക് വിത്ത് ലഭ്യമാക്കി നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ